**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1642** 14-12-2012 - ലെ മറുപടിയ്ക്ക്

# നെൽവയൽ നികത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യൂ<br>,, കെ.വി. അബ്ദുൾ ഖാദർ<br>,, ബി.ഡി. ദേവസ്സി<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് നെൽവയൽ നികത്തൽ വീണ്ടും വ്യാപകമാകുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സാധ്യമായിട്ടുണ്ടോ; | (എ) | വ്യാപകമായി നെൽവയൽ നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസി ദ്ധീകരിക്കാൻ ആദ്യമായി തീരുമാനം എടുത്തത് എപ്പോഴായിരുന്നു; പ്രസിദ്ധീകരണം വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ; ഇപ്പോഴും ഡാറ്റാബാങ്ക് തയ്യാറാക്കി യിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെ യാണ്; വ്യക്തമാക്കുമോ; | (ബി) | 2008 ആഗസ്റ്റ് 12 ന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ വന്നു. ആക്ടിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ ചട്ടങ്ങൾ 24. ഡിസംബർ 2008 ൽ നിലവിൽ വന്നു. പ്രസ്തുത ചട്ടം അനുസരിച്ച് ചട്ടം നിലവിൽ വരുന്ന തീയതി മുതൽ മൂന്നു മാസത്തിനകം ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 1081 കൃഷി ഭവനുകളിലെ ഡാറ്റാ ബാങ്ക് പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ച് പ്രസിദ്ധീകരണത്തിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരുന്നു. ഇനിയും 6 പഞ്ചായത്തുകളിലെ ഡാറ്റാ ബാങ്ക് പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിക്കേണ്ടതുണ്ട്. 13-04-2012 ൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ്) യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം പഞ്ചായത്തുകളിൽ തയ്യാറാക്കിയ കരട് ഡാറ്റാബാങ്കിന്റെ വിദഗ്ദ്ധ പരിശോധനയ്ക്കുശേഷം മാത്രം ഗസറ്റ് വിജ്ഞാപനം ചെയ്താൽ മതിയാകുമെന്നും ഇപ്പോൾ തയ്യാറാക്കിയ കരട് ഡാറ്റാബാങ്ക് റവന്യൂ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും |

| | | | |
|---|---|---|---|
| | | | വെബ്സൈറ്റുകളിലും വില്ലേജാഫീസ്, താലൂക്കാഫീസ്, കൃഷിഭവൻ, പഞ്ചായത്ത് ഓഫീസ് എന്നിവരുടെ നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തേണ്ട താണെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | തയ്യാറാക്കപ്പെട്ട ഡാറ്റാ ബാങ്കിന്റെ കണക്കുകൾ പ്രകാരം ഇപ്പോൾ സംസ്ഥാനത്ത് എത്ര ഏക്കർ നെൽ വയലുകൾ ഉണ്ടെന്ന വിവരം ലഭ്യ മാക്കുമോ ; | (സി) | 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ഡാറ്റാബാങ്ക് അനുസരിച്ച് സംസ്ഥാനത്ത് 259565 ഹെക്ടർ നെൽവയൽ ഉണ്ട്. |
| (ഡി) | നിയമവിരുദ്ധമായി എത്ര ഏക്കർ നെൽവയൽ ഇതിനകം നികത്തപ്പെട്ടിട്ടുണ്ടെന്ന് കണ ക്കാക്കിയിട്ടുണ്ടോ; ലഭ്യമായ കണ ക്കുകൾ ലഭ്യമാക്കുമോ; | (ഡി) | ലഭ്യമായ കണക്കനുസരിച്ച് ഏകദേശം 758 ഹെക്ടർ സ്ഥലത്തെ നിയമവിരുദ്ധമായ നെൽവയൽ നികത്തൽ കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് റവന്യൂ അധികാരികൾക്ക് ബന്ധപ്പെട്ട കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ഇ) | നീർത്തടങ്ങളുടെ വിസ്തീർണ്ണ ത്തിലുണ്ടായ കുറവുകൾ സംബ ന്ധിച്ച ലഭ്യമായ കണക്കുകൾ ലഭ്യമാക്കുമോ; | (ഇ) & (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | നെൽവയൽ സംരക്ഷണ നിയമ ത്തിന്റെ ലംഘനം സംബന്ധിച്ച എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ